LIBRARY ARCHIVES Kerala Legislative Assembly

പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം

13 (886) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്താൻ എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

മുൻ അദ്ധ്യയന വർഷം നടത്തിക്കൊണ്ടിരുന്ന ക്ലസ്റ്റർ പരിശീലനം, തൽസ്ഥല പിന്തുണാസംവിധാനം, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നീ പദ്ധതികൾ തുടർന്നു വരുന്നു. കൂടാതെ ഈ വർഷം മുൻവർഷത്തിൽ നിന്നും വ്യത്യസ്തമായി ഓണപരീക്ഷ നടത്തുകയുണ്ടായി. മുൻ വർഷങ്ങളിൽ അർദ്ധ വാർഷിക, വാർഷിക പരീക്ഷകൾ മാത്രമാണ് നടത്തിയിരുന്നത്. പെൺകുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനു വേണ്ടി ഹെൽപ്പ് ഡെസ്ക്കുകൾ, വിദ്യാലയ സമയത്തിനുശേഷം പഠന സൗകര്യം ഒരുക്കുന്നതിനുള്ള പഠന വീടുകൾ, എൽ.പി./യു.പി. ക്ലാസ്സുകളിലെ പഠനം മെച്ചപ്പെടുത്താനായുള്ള വിവിധ പദ്ധതികൾ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

സർക്കാർ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംരക്ഷണം

14 (887) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ-എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

സർക്കാർ - എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും പഠന നിലവാരവും പഠന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് വിശദമായ പരിശോധന നടത്തുകയും സ്കൂളിന്റെ ആവശ്യകത നിർബന്ധമായും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ശമ്പളം ലഭിക്കാത്ത അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയ വിശദമായ പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്. റഗുലർ നിയമനം നടത്തുന്നതിന് കാലതാമസം നേരിടുന്ന സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും പ്രസ്തുത നിയമനങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ വേതനം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.